LIBRARY ARCHIVES Kerala Legislative Assembly

എച്ച്. എസ്. എ. മാരിൽ നിന്നും ഹയർസെക്കൻഡറി അദ്ധ്യാപകരായി പ്രമോഷൻ വഴി നിയമനം

113 [665] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്. എസ്. എ. മാരിൽ നിന്നും ഹയർസെക്കൻഡറി അദ്ധ്യാപകരായി പ്രമോഷൻ വഴി നിയമനം നടത്താൻ അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈയിനത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; സബ്ജക്റ്റ് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡണ്ടറി അദ്ധ്യാപകരായി നിയമിക്കുവാനുള്ളവരുടെ ലിസ്റ്റ് എപ്പോൾ തയ്യാറാക്കും;

(ഡി) പ്രസ്തുത ലിസ്റ്റ് തയ്യാറാക്കുന്നതിൽ കാലതാമസമുണ്ടാകാൻ കാരണമെന്ത്; കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈയിനത്തിൽ ആകെ 4495 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിഷയം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി, ഡി) 20-9-2001-ൽ നിലവിലുണ്ടായിരുന്ന വേക്കൻസിയുടെ അടിസ്ഥാനത്തിൽ 12-5-2003-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മുഴുവൻ നിയമനങ്ങളും നടത്തിക്കഴിഞ്ഞു. 20-9-2001-നുശേഷമുണ്ടായ ഒഴിവുകളിലേക്ക് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് ഹയർ സെക്കൻഡറി ഡയറക്ടർ അപേക്ഷ ക്ഷണിച്ചു കഴിഞ്ഞു. പ്രസ്തുത ലിസ്റ്റ് ഫൈനലൈസ് ചെയ്ത് എത്രയും വേഗം നിയമനം നടത്തുന്നതാണ്.

ഹയർ സെക്കൻഡറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റ് തസ്തിക

114 [666] ശ്രീ. തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്:
„ റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(ബി) ഈ തസ്തികകൾക്ക് എന്നുമുതലാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.